ടി.കെ ഉബൈദ്

1222

സൂറ - 45

# അൽ ജാഥിയഃ

الجاثية

## സൂക്തം 23-25

സ്വന്തം ആസക്തികളെയും താൽപര്യങ്ങളെയും ധർമാധർമ വിവേചനമന്യേ പിന്തുടരുന്നവർ അഥവാ സ്വേഛകളുടെ അടിമയായിത്തീർന്നവർ തങ്ങളെത്തന്നെ ദൈവമാക്കിയവരാണ്. അവർ വേറെ ദൈവങ്ങളിൽ വിശ്വസിക്കുന്നുണ്ടാവാം. ചിലപ്പോൾ ഏകദൈവ വിശ്വാസികളുമാകാം. പക്ഷേ, പ്രായോഗിക തലത്തിൽ അവരുടെ ദൈവം അവരുടെ ഇഛകൾ തന്നെയായിരിക്കും.

أَفَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ وَأَضَلَّهُ ٱللَّهُ عَلَىٰ عِلْمٍ وَخَتَمَ عَلَىٰ سَمْعِهِۦ وَقَلْبِهِۦ وَجَعَلَ عَلَىٰ بَصَرِهِۦ غِشَٰوَةً فَمَن يَهْدِيهِ مِنۢ بَعْدِ ٱللَّهِ ۚ أَفَلَا تَذَكَّرُونَ ﴿٢٣﴾

*23*

*സ്വേഛയെ ദൈവമാക്കിയവന്റെ ഗതി ആലോചിച്ചു നോക്കിയിട്ടുണ്ടോ? അല്ലാഹു അവനെ അറിവിന്മേൽ തന്നെ വഴിതെറ്റിച്ചിരിക്കുന്നു. അവന്റെ ചെവിയും മനസ്സും അടച്ചു മുദ്ര ചാർത്തുകയും കണ്ണിനു മൂടിയിടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനു ശേഷം ആർക്കാണവനെ സന്മാർഗത്തിലേക്ക് നയിക്കാനാവുക? നിങ്ങൾ തീരെ ആലോചിക്കുന്നില്ലയോ?*

| | |
|---|---|
| നീ കണ്ടുവോ? (ആലോചിച്ചു നോക്കിയിട്ടുണ്ടോ?) | أَفَرَأَيْتَ |
| തന്റെ ഇഛയെ ദൈവമായെടുത്തവനെ (സ്വേഛയെ ദൈവമാക്കിയവന്റെ ഗതി) | مَنِ اتَّخَذَ إِلَٰهَهُ هَوَاهُ |
| അല്ലാഹു അവനെ അറിവിന്മേൽ (തന്നെ) വഴിതെറ്റിച്ചിരിക്കുന്നു | وَأَضَلَّهُ اللَّهُ عَلَىٰ عِلْمٍ |
| അവന്റെ ചെവിയിന്മേലും മനസ്സിന്മേലും (അടച്ചു) മുദ്ര ചാർത്തി (ത്തുകയും) | وَخَتَمَ عَلَىٰ سَمْعِهِ وَقَلْبِهِ |
| കണ്ണിന്മേൽ മൂടിയിടുകയും ചെയ്തിരിക്കുന്നു | وَجَعَلَ عَلَىٰ بَصَرِهِ غِشَاوَةً |
| ആർക്കാണ് അവനെ സന്മാർഗത്തിലേക്കു നയിക്കു(ക്കാനാവു)ക? | فَمَن يَهْدِيهِ |
| അല്ലാഹുവിനു ശേഷം | مِن بَعْدِ اللَّهِ |
| നിങ്ങൾ ഓർ(ആലോചി)ക്കുന്നില്ലയോ? | أَفَلَا تَذَكَّرُونَ |

നന്മ-തിന്മാ വിവേചനമില്ലാതെ തോന്നുന്നതൊക്കെ പ്രവർത്തിക്കുകയും, ശിഷ്ടരും ദുഷ്ടരും ജീവിതത്തിലും മരണാനന്തരവും തുല്യരാണെന്നു കരുതുകയും ചെയ്യുന്നവർ ആരാണെന്ന് വ്യക്തമാക്കുകയാണ്. മനുഷ്യാതീതമായ കഴിവുകൾക്കും അധികാരങ്ങൾക്കും ഉടമയാണ് ദൈവം -ഇലാഹ്. അതുകൊണ്ടാണ് മനുഷ്യൻ അവനെ ഭയപ്പെടുന്നതും ആരാധിക്കുന്നതും അനുസരിക്കുന്നതും. ദൈവത്തിന്റേതു മാത്രമായ ശക്തികളും അധികാരങ്ങളും മറ്റുള്ളവരിൽ ആരോപിക്കുന്നത് അവരെ ദൈവമാക്കലാകുന്നു. അതിന് അവരുടെ വിഗ്രഹങ്ങളുണ്ടാക്കി പ്രതിഷ്ഠിക്കണമെന്നോ ദൈവത്തിന്റെ എല്ലാ ഗുണങ്ങളും അവരിൽ ആരോപിക്കണമെന്നോ പോലുമില്ല. ദൈവിക ഗുണങ്ങൾ ഭാഗികമായി മറ്റുള്ളവരിൽ ആരോപിക്കുന്നതും ബഹുദൈവവാദമാണ് -അവരെ ദൈവമെന്നു വിളിച്ചാലും ഇല്ലെങ്കിലും.

ഇഛ, താൽപര്യം, ആസക്തി, മോഹം തുടങ്ങിയ മനോവ്യാപാരങ്ങളെ കുറിക്കുന്നതാണ് هوى. ഇഛയെ ആരും ദൈവമെന്നു വാദിക്കാറില്ല. അതിന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് പൂജിക്കാറുമില്ല. എന്നാൽ, ഇഛയെ ദൈവമാക്കുന്നവർ ഏറെയാണ്. സ്വന്തം ആസക്തികളെയും താൽപര്യങ്ങളെയും ധർമാധർമ വിവേചനമന്യേ പിന്തുടരുന്നവർ അഥവാ സ്വേഛകളുടെ അടിമയായിത്തീർന്നവർ തങ്ങളെത്തന്നെ ദൈവമാക്കിയവരാണ്. അവർ വേറെ ദൈവങ്ങളിൽ വിശ്വസിക്കുന്നുണ്ടാവാം. ചിലപ്പോൾ ഏകദൈവ വിശ്വാസികളുമാകാം. പക്ഷേ, പ്രായോഗിക തലത്തിൽ അവരുടെ ദൈവം അവരുടെ ഇഛകൾ തന്നെയായിരിക്കും. അത്തരക്കാരെ ആർക്കും നേർവഴിക്കു നയിക്കാനാവില്ല. ഇഛകളെ മാത്രം പിന്തുടരുന്നവർ വഴിപിഴക്കുക എന്നത് അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമമാണ്. അതെക്കുറിച്ചാണ്, അല്ലാഹു അയാളെ വഴിതെറ്റിച്ചിരിക്കുന്നു എന്നു പറഞ്ഞത്. അവനവനെത്തന്നെ ദൈവമാക്കുന്നത് യാഥാർഥ്യങ്ങൾ അറിയാൻ കഴിയാത്തതുകൊണ്ടല്ല. യാഥാർഥ്യങ്ങളറിയാൻ പര്യാപ്തമായ ബുദ്ധിയും ചിന്തയും വിവേചനശേഷിയും അല്ലാഹു എല്ലാവർക്കും പ്രദാനം ചെയ്തിരിക്കുന്നു. കൂടാതെ സന്മാർഗ ദർശനം ചെയ്യാൻ പ്രവാചകന്മാരെ നിയോഗിക്കുകയും വേദമിറക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം അവഗണിച്ചുകൊണ്ട് ജഡികാസക്തികൾക്കടിമപ്പെടുകയാണവർ, സന്മാർഗ ദർശനത്തിനു നേരെ അവരുടെ മനസ്സും കണ്ണും കാതുമെല്ലാം അടച്ചു പൂട്ടിയിരിക്കുകയാണ്. 17-ാം സൂക്തത്തിൽ فَمَا اخْتَلَفُوا إِلَّا مِن بَعْدِ مَا جَاءَهُمُ الْعِلْمُ بَغْيًا بَيْنَهُمْ - ജ്ഞാനം ലഭിച്ചശേഷം തന്നെയാണ് തമ്മിൽപോരു മൂലം അവർ ഭിന്നിച്ചത്- എന്നു പറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണ് أَضَلَّهُ اللَّهُ عَلَىٰ عِلْمٍ എന്നു പറഞ്ഞത്. അവിടെ അതു പറയുന്നത് വേദക്കാരായ യഹൂദരെ അനുസ്മരിച്ചുകൊണ്ടായതിനാൽ ഇവിടെ أَضَلَّهُ اللَّهُ -അല്ലാഹു അവനെ വഴിപിഴപ്പിച്ചു- എന്നു പറയുന്നതും അവരെക്കുറിച്ചാണെന്ന് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സത്യജ്ഞാനം ലഭിച്ചിട്ടും അതു തള്ളിക്കളഞ്ഞ് ജഡികാസക്തികൾക്കു പിമ്പെ അന്ധമായി ഗമിക്കുന്ന എല്ലാവരും ഇവിടെ പറഞ്ഞതിലുൾപ്പെടുന്നുവെന്ന് കരുതുന്നതാണ് കൂടുതൽ യുക്തം.

> **ബഹുദൈവ വിശ്വാസികളും വിഗ്രഹാരാധകരും നാസ്തികരുമെല്ലാം ഒരർഥത്തിൽ തങ്ങളിഛിക്കുന്നവരെ ദൈവങ്ങളായി വരിക്കുകയും അവയുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് ആരാധിക്കുകയും ചെയ്യുകയാണ്.**

ബഹുദൈവ വിശ്വാസികളും വിഗ്രഹാരാധകരും നാസ്തികരുമെല്ലാം ഒരർഥത്തിൽ തങ്ങളെത്തന്നെ ദൈവമാക്കുന്നവരാണ്. തങ്ങളിഛിക്കുന്നവരെ ദൈവങ്ങളായി വരിക്കുകയും അവയുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് ആരാധിക്കുകയും ചെയ്യുകയാണ് ബഹുദൈവ വിശ്വാസികൾ. നാസ്തികരുടെ ദൃഷ്ടിയിൽ, തങ്ങൾക്കു മീതെ അനുസരിക്കപ്പെടേണ്ടതും ആരാധിക്കപ്പെടേണ്ടതുമായ ഒരു ശക്തിയുമില്ല. തങ്ങൾക്കു തോന്നുന്നതെന്തോ അതാണ് തങ്ങൾ അനുസരിക്കേണ്ട സത്യവും ധർമവും. أَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ എന്ന വാക്യം 25:43-ലും വന്നിട്ടുണ്ട്. കൂടുതൽ ചർച്ച പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

أَضَلَّهُ اللَّهُ عَلَىٰ عِلْمٍ എന്ന വാക്യം ഇങ്ങനെയും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അവൻ പ്രവാചകന്മാരും വേദങ്ങളും അനുശാസിക്കുന്ന സത്യധർമങ്ങൾ തള്ളിക്കളഞ്ഞ് സ്വേഛകൾക്കടിമയായിരിക്കുന്നുവെന്ന് അറിയുന്നതിനാൽ അല്ലാഹു അവനെ വഴിതെറ്റിച്ചിരിക്കുന്നു. സൂക്തത്തിലെ പദങ്ങൾ ഈ വ്യാഖ്യാനത്തെയും സാധൂകരിക്കുന്നുവെങ്കിലും ആദ്യം പറഞ്ഞതാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. وَخَتَمَ عَلَىٰ سَمْعِهِ وَقَلْبِهِ وَجَعَلَ عَلَىٰ بَصَرِهِ غِشَاوَةً എന്ന വാക്യം ലഘുവായ വ്യത്യാസത്തോടെ 2:7 സൂക്തത്തിൽ വന്നിരിക്കുന്നു. ഖുർആൻ ബോധനം പ്രസ്തുത സൂക്തത്തിനു താഴെ അതിന്റെ ആശയം വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹു സന്മാർഗ

സത്യജ്ഞാനം ഒരു വശത്ത് മാറ്റിവച്ച് പ്രയോഗത്തിൽ അവനവനെത്തന്നെ ദൈവമാക്കി അനുസരിക്കുന്നവർക്ക് ദൈവിക സന്മാർഗം വിലക്കപ്പെട്ടിരിക്കുന്നുവെന്ന് ഓർത്തിരിക്കുക. വിശുദ്ധ ഖുർആൻ പഠിച്ചവരായാൽ പോലും ആ അറിവുകൊണ്ട് മാത്രം സന്മാർഗസ്ഥരാകുന്നില്ല.

يُضِلُّ بِهِ كَثِيرًا وَيَهْدِي بِهِ كَثِيرًاۚ وَمَا يُضِلُّ بِهِ إِلَّا الْفَاسِقِينَ

"ഈ ഖുർആൻ പെരുത്താളുകളെ വഴിതെറ്റിക്കുന്നുണ്ട്. പെരുത്താളുകൾക്കു സന്മാർഗം കാണിക്കുന്നുമുണ്ട്. പാപഗ്രസ്തരെ മാത്രമാണതു വഴിതെറ്റിക്കുന്നത്" (2:26). ●

ത്തിലാക്കുന്നതിന്റെയും ദുർമാർഗത്തിലാക്കുന്നതിന്റെയും താൽപര്യവും നേരത്തെ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. فَمَن يَهْدِيهِ مِن بَعْدِ اللَّهِۚ -അല്ലാഹുവിനു ശേഷം ആർക്കാണവനെ സന്മാർഗത്തിലാക്കാനാവുക- എന്നതിന്റെ താൽപര്യം അല്ലാഹു ദുർമാർഗത്തിലാക്കിയ ശേഷം -**من بعد ان اضله الله**- എന്നാണ്.

أَفَلَا تَذَكَّرُونَ സത്യവിശ്വാസികളോടുള്ള ഉദ്ബോധനമാകുന്നു. സാരം: സന്മാർഗത്തിന് വിലകൽപിക്കുകയും സാദരം അനുസരിക്കാൻ സന്നദ്ധരാവുകയും ചെയ്യുന്നവർക്കേ ദൈവിക സന്മാർഗം കരഗതമാകൂ. ലഭിച്ച

**മരിച്ചവരുടെ ജഡം ജീർണിച്ചു മണ്ണാകുന്നതു മാത്രമേ മനുഷ്യർ കാണുന്നുള്ളൂ. മർത്യജഡം മണ്ണിൽനിന്ന്- ഭൗമധാതുക്കളിൽനിന്ന്- ഉണ്ടായതാണെന്ന് എല്ലാവർക്കും അറിയാം. ഭൗമധാതുക്കളിൽ നിന്ന് രൂപവത്കൃതമായ മർത്യജഡം വീണ്ടും ഭൗമധാതുക്കളായി മാറിയാൽ പിന്നീടൊരിക്കലും അത് മനുഷ്യ ജഡമായിത്തന്നെ രൂപപ്പെടുക അസംഭവ്യമെന്ന് വാദിക്കുന്നതിനെന്തു ന്യായം?**

وَقَالُوا مَا هِيَ إِلَّا حَيَاتُنَا الدُّنْيَا نَمُوتُ وَنَحْيَا وَمَا يُهْلِكُنَا إِلَّا الدَّهْرُۚ وَمَا لَهُم بِذَٰلِكَ مِنْ عِلْمٍۖ إِنْ هُمْ إِلَّا يَظُنُّونَ ﴿٢٤﴾ وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ مَّا كَانَ حُجَّتَهُمْ إِلَّا أَن قَالُوا ائْتُوا بِآبَائِنَا إِن كُنتُمْ صَادِقِينَ ﴿٢٥﴾

*24*

*പരലോക നിഷേധികൾ ഘോഷിക്കുന്നു: നമ്മുടെ ഈ ഭൗതിക ജീവിതമല്ലാതെ ജീവിതമേതുമില്ല തന്നെ. നാം ഇവിടെ മരിക്കുന്നു, ജീവിക്കുന്നു. കാലചക്രം മാത്രമാകുന്നു നമ്മെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. മരണാനന്തരാവസ്ഥയെക്കുറിച്ച് അവർക്കൊരു വിവരവുമില്ല എന്നത്രെ വാസ്തവം. അവർ വാദിക്കുന്നത് കേവലം ഊഹമാകുന്നു.*

*25*

*നമ്മുടെ സുവ്യക്തമായ സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചാൽ അവർക്കു പറയാനുള്ള ന്യായം ഇതു മാത്രമാകുന്നു: ഉയിർത്തെഴുന്നേൽപുണ്ടെന്ന നിങ്ങളുടെ വാദം സത്യമാണെങ്കിൽ നമ്മുടെ പൂർവ പിതാക്കളെ ഇങ്ങുയിർപ്പിച്ചു കൊണ്ടുവന്നാട്ടെ.*

| | |
|---|---|
| അവർ പറഞ്ഞു (പരലോക നിഷേധികൾ ഘോഷിക്കുന്നു) | وَقَالُوا |
| അത് (ജീവിതമേതും) ഇല്ല | مَا هِيَ |
| നമ്മുടെ ഈ ഭൗതിക ജീവിതമല്ലാതെ | إِلَّا حَيَاتُنَا الدُّنْيَا |
| നാം (ഇവിടെ) മരിക്കുന്നു, ജീവിക്കുന്നു | نَمُوتُ وَنَحْيَا |
| നമ്മെ നശിപ്പിക്കുന്നില്ല (നശിപ്പിച്ചുകൊണ്ടിരിക്കുന്നത്) | وَمَا يُهْلِكُنَا |
| കാലമല്ലാതെ (കാലചക്രം മാത്രമാകുന്നു) | إِلَّا الدَّهْرُ |
| അതിനെ (മരണാനന്തരാവസ്ഥയെ)കുറിച്ച് അവർക്കില്ല | وَمَا لَهُم بِذَٰلِكَ |
| ഒരു വിവരവും (എന്നത്രെ വാസ്തവം) | مِنْ عِلْمٍۖ |

| | |
|---|---|
| إِنْ هُمْ إِلَّا يَظُنُّونَ | അവർ ഊഹിക്കുകയല്ലാതെയല്ല (അവർ വാദിക്കുന്നത് കേവലം ഊഹമാകുന്നു) |
| وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ | നമ്മുടെ സുവ്യക്തമായ സൂക്തങ്ങൾ അവരുടെ മേൽ ഓതി ക്കേൾപ്പിച്ചാൽ |
| مَّا كَانَ حُجَّتَهُمْ إِلَّا أَن قَالُوا | അവരുടെ ന്യായം അവർ പറഞ്ഞതല്ലാതെ ആയിട്ടില്ല (അവർക്കു പറയാനുള്ള ന്യായം ഇതു മാത്രമാകുന്നു:) |
| ائْتُوا بِآبَائِنَا | നിങ്ങൾ നമ്മുടെ പൂർവ പിതാക്കളെ (ഇങ്ങുയിർപ്പിച്ചു) കൊണ്ടുവന്നാട്ടെ |
| إِن كُنتُمْ صَادِقِينَ | നിങ്ങൾ സത്യവാന്മാർ (ഉയിർത്തെഴുന്നേൽപുണ്ടെന്ന നിങ്ങളുടെ വാദം സത്യം) ആണെങ്കിൽ |

**മരണാനന്തരം, ജഡം പോലെ ആത്മാവും ഇല്ലാതാകുന്നുവെന്ന് സങ്കൽപിക്കുകയാണ് പരലോക നിഷേധികൾ. ഈ വിധിയാകട്ടെ യാതൊരു ജ്ഞാനത്തിന്റെയും അടിസ്ഥാനത്തിലുള്ളതല്ല. എല്ലാം ഊഹാധിഷ്ഠിതമാണ്.**

നേരത്തെ 21-22 സൂക്തങ്ങളിൽ, ഉയിർത്തെഴുന്നേൽപ് ധാർമികമായും നൈയാമികമായും അനിവാര്യമാണെന്ന് വ്യക്തമാക്കിക്കൊണ്ട്, മനുഷ്യരിലും ഇതര പ്രാപഞ്ചിക പ്രതിഭാസങ്ങളിലും ആ സത്യം സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നുവല്ലോ. അതിനനുബന്ധമായി, പരലോക നിഷേധികൾ ഉന്നയിക്കുന്ന വാദങ്ങളുടെ പൊള്ളത്തരം വ്യക്തമാക്കുകയാണീ സൂക്തങ്ങൾ.

ജീവിതമെന്നാൽ ഈ ഭൗതിക ജീവിതം മാത്രമാകുന്നു. നമ്മൾ ഈ ലോകത്ത് കുറെക്കാലം ജീവിക്കുന്നു. പിന്നെ മരിച്ചു മണ്ണടിയുന്നു. കാലമാണ് നമ്മെ മരിപ്പിക്കുന്നത്. മരണാനന്തരം പിന്നൊരു ജീവിതമില്ല, മരണവുമില്ല. കാലചക്രത്തിന്റെ കറക്കത്തിൽ മരിച്ചു പോകുന്നതോടെ നമ്മൾ സമ്പൂർണമായി ഇല്ലാതാകുന്നു. വാസ്തവത്തിൽ ഇതൊരു സങ്കൽപം മാത്രമാകുന്നു. മനുഷ്യന്റെ മരണാനന്തരാവസ്ഥയെ കുറിച്ച് ഖണ്ഡിതമായ വിധി പറയണമെങ്കിൽ മരണാനന്തരം എന്തു സംഭവിക്കുന്നുവെന്ന് നേരിൽ കണ്ടിരിക്കണം. ഒരു മനുഷ്യന്നും അതു കാണാൻ കഴിഞ്ഞിട്ടില്ല; കഴിയുകയുമില്ല. മരിച്ചവരുടെ ജഡം ജീർണിച്ചു മണ്ണാകുന്നതു മാത്രമേ മനുഷ്യർ കാണുന്നുള്ളൂ. മർത്യജഡം മണ്ണിൽനിന്ന്- ഭൗമധാതുക്കളിൽനിന്ന്- ഉണ്ടായതാണെന്ന് എല്ലാവർക്കും അറിയാം. ഭൗമധാതുക്കളിൽനിന്ന് രൂപവത്കൃതമായ മർത്യജഡം വീണ്ടും ഭൗമധാതുക്കളായി മാറിയാൽ പിന്നീടൊരിക്കലും അത് മനുഷ്യജഡമായിത്തന്നെ രൂപപ്പെടുക അസംഭവ്യമെന്ന് വാദിക്കുന്നതിനെന്തു ന്യായം?

സ്ഥൂലശരീരവും സൂക്ഷ്മ ആത്മാവും ചേർന്നതാണ് മനുഷ്യൻ. ആത്മാവ് ശരീരത്തിൽനിന്നു വേർപെട്ടു പോകലാണ് മരണം. ജീവിച്ചിരിക്കുന്ന മനുഷ്യന്റെ ആത്മാവുപോലും അഗോചരമാണ്. എന്നിരിക്കെ, ശരീരത്തിൽനിന്നു വേർപെടുന്ന ആത്മാവിന്റെ അവസ്ഥ തികച്ചും അജ്ഞേയമാകുന്നു; മരണാനന്തരം, ജഡം പോലെ ആത്മാവും ഇല്ലാതാകുന്നുവെന്ന് സങ്കൽപിക്കുകയാണ് പരലോക നിഷേധികൾ. ഈ വിധിയാകട്ടെ യാതൊരു ജ്ഞാനത്തിന്റെയും അടിസ്ഥാനത്തിലുള്ളതല്ല. എല്ലാം ഊഹാധിഷ്ഠിതമാണ്. അഗോചരത്തിൽ -غَيْب ൽ- വിശ്വസിക്കാത്തവർ പഞ്ചേന്ദ്രിയങ്ങൾക്ക് ഗോചരമാകുന്നതു മാത്രമേ അറിയുന്നുള്ളൂ. ഇന്ദ്രിയാതീതമായത് ഇല്ലാത്തതാണ് എന്നുവെച്ചാൽ അറിയാനാവാത്തതാണ്.

മരണാനന്തര പരിണതി അറിയണമെങ്കിൽ മരിച്ചവർ എഴുന്നേറ്റുവന്ന് അവനോട് പറയണം. അതൊരിക്കലും സംഭവിക്കുന്നില്ല; സംഭവിക്കുകയുമില്ല. അതിനാൽ, മരണത്തോടെ ജഡവും ആത്മാവും നശിച്ചുപോയിരിക്കുന്നു. പിന്നെ പുനർജീവിതവും ഉയിർത്തെഴുന്നേൽപുമൊന്നുമില്ല. ഈ വാദത്തിലൂടെ സ്വന്തം അജ്ഞതയെ വലിയ ജ്ഞാനമാക്കി അവരോധിക്കുകയാണ് അവിശ്വാസികൾ.

ഇതൊരു അന്ധവിശ്വാസമാണെന്ന് ബോധ്യപ്പെടുത്തുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ പ്രപഞ്ചത്തിലെങ്ങുമുണ്ട്. അതൊന്നും അംഗീകരിക്കാൻ നിഷേധികൾ തയാറല്ല. പിന്നെ അഗോചര ലോകത്തെക്കുറിച്ച് ആധികാരികമായി സംസാരിക്കാനുള്ള കഴിവും അധികാരവും, ഗോചര ലോകത്തിന്റെയും അഗോചര ലോകത്തിന്റെയും ഉടമയായ അല്ലാഹുവിന് മാത്രമാകുന്നു. മനുഷ്യൻ അറിയേണ്ട അഗോചര യാഥാർഥ്യങ്ങൾ അവരെ അറിയിക്കാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും വേദങ്ങളവതരിപ്പിച്ചതും. പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും ദൈവിക

സൂക്തങ്ങളും ഓതിക്കൊടുത്ത് മരണാനന്തര ജീവിതം ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നവരോട് അവർക്കുന്നയിക്കാനുള്ള ന്യായം ഇതു മാത്രമാണ്: മരണാനന്തരം ഉയിർത്തെഴുന്നേൽപുണ്ടെന്ന് പറയുന്നത് സത്യമാണെങ്കിൽ നമ്മുടെ പരേതരായ പിതാക്കന്മാരെയൊക്കെ ഒന്ന് ഉയിർത്തെഴുന്നേൽപിച്ചു കൊണ്ടുവരൂ. നിങ്ങൾക്കതിനു കഴിയില്ലെങ്കിൽ ഉയിർത്തെഴുന്നേൽപും മരണാനന്തര ജീവിതവും ഞങ്ങളൊരിക്കലും അംഗീകരിക്കാൻ പോകുന്നില്ല.

ഈ വെല്ലുവിളിക്ക് ഖുർആൻ നൽകുന്ന മറുപടി ഇതാണ്: ജന്മപൂർവ അവസ്ഥ പോലെ മരണാനന്തര അവസ്ഥയും ഭൗതിക ലോകത്തെ മനുഷ്യന് അഗോചരവും അജ്ഞാതവുമാകുന്നു. അതെക്കുറിച്ച് ഭൗതിക മനുഷ്യന് പറയാവുന്നത് ഇത്ര മാത്രമാണ്: മരണാനന്തരം മനുഷ്യൻ ഏതെങ്കിലും വിധത്തിൽ നിലനിൽക്കുന്നുണ്ടോ, അവൻ വീണ്ടും മർത്യരൂപം പ്രാപിച്ച് ഉയിർത്തെഴുന്നേൽക്കുമോ, അതല്ല തികച്ചും നശിച്ച് ഇല്ലാതാവുകയാണോ എന്നത് ഞങ്ങളുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമല്ല. അതിനാൽ, മരണാനന്തര മനുഷ്യാവസ്ഥ ഞങ്ങൾക്കറിഞ്ഞുകൂടാ. അതായത്, ഇന്ദ്രിയാനുഭവത്തിന്റെ അഭാവം പരലോകത്തിൽ വിശ്വസിക്കുന്നതിനെ തടയുന്നുവെങ്കിൽ അതേ ഇന്ദ്രിയാനുഭവത്തിന്റെ അഭാവം പരലോക നിഷേധത്തെയും തടയുന്നു. അതിനാൽ, പരലോക നിഷേധത്തിന് തെളിവുകളുടെയോ ന്യായങ്ങളുടെയോ യുക്തിബോധത്തിന്റെയോ യാതൊരു പിൻബലവുമില്ല. മറിച്ച്, അടിസ്ഥാന രഹിതമായ ഊഹങ്ങൾ അവതരിപ്പിക്കുക മാത്രമാണവർ ചെയ്യുന്നത്. അത് തീരേ അബദ്ധമായ വിധിയാണെന്ന് 21-ാം സൂക്തം പ്രസ്താവിച്ചിട്ടുണ്ട്. അജ്ഞതയും അടിസ്ഥാന രഹിതമായ ഊഹവും മാത്രമാകുന്നു മരണാനന്തര ജീവിതത്തിന്റെ നിഷേധം എന്നാണ് مَا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَظُنُّونَ എന്ന വാക്യത്തിന്റെ താൽപര്യം.

മരണാനന്തര ജീവിതം അഭൗതിക സംഗതിയാണ്. ഭൗതിക ലോകത്തിന്റെയും അഭൗതിക ലോകത്തിന്റെയും സ്രഷ്ടാവും നിയന്താവും സർവജ്ഞനുമായ അല്ലാഹുവിനു മാത്രമേ അതെപ്പറ്റി പറയാൻ കഴിയൂ. പഞ്ചേന്ദ്രിയങ്ങൾ മാത്രമുള്ള ഭൗതിക മനുഷ്യന് അതിഭൗതിക യാഥാർഥ്യങ്ങൾ അറിയാനുള്ള മാധ്യമം അതിഭൗതികതയിലും (غيب) പ്രവാചകന്മാരിലും വേദത്തിലുമുള്ള വിശ്വാസം മാത്രമാകുന്നു.

ഉയിർത്തെഴുന്നേൽപ് സത്യമാണെങ്കിൽ നമ്മുടെ പൂർവികരെ ഒന്ന് ഉയിർത്തെഴുന്നേൽപിച്ചു കൊണ്ടുവരൂ എന്ന അവിശ്വാസികളുടെ വെല്ലുവിളിയെ ഖുർആൻ ഒരു വിതണ്ഡാവാദമായി മാത്രമേ പരിഗണിക്കുന്നുള്ളൂ. അതുകൊണ്ടാണ് അതിനു നേർക്കുനേരെ മറുപടി പറയാത്തത്. ഓരോരുത്തരെയും മരിച്ച ഉടനെ ഉയിർപ്പിക്കുമെന്നോ ഇന്ന തീയതിക്ക് ഉയിർപ്പിക്കുമെന്നോ, അല്ലെങ്കിൽ ആളുകൾ ആവശ്യപ്പെടുന്ന മുറക്ക് ഉയിർപ്പിക്കുമെന്നോ അല്ല ഖുർആൻ പറഞ്ഞിട്ടുള്ളത്. ലോകാവസാന നാളിൽ ആദിപിതാവ് മുതൽ അവസാന സന്തതി വരെയുള്ള എല്ലാവരെയും ഒരുമിച്ച് ഉയിർപ്പിക്കുമെന്നാണ്. അതിന്റെ അനിവാര്യതയും ന്യായവുമൊക്കെ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. എന്നിരിക്കെ പൂർവികരെ ഇപ്പോൾ തന്നെ ഉയിർപ്പിച്ചു കാണിക്കേണം എന്നു ശഠിക്കുന്നത്, സൂര്യൻ അസ്തമിച്ചപ്പോൾ രാത്രി അവസാനിച്ചാൽ വീണ്ടും ഉദിക്കുമെന്നു പറയുന്നയാളോട്, അസ്തമിച്ച സൂര്യൻ ഇനിയും ഉദിക്കുമെന്നത് സത്യമാണെങ്കിൽ ഇപ്പോൾ തന്നെ എന്റെ മുമ്പിൽ ഉദിപ്പിച്ചുകാണിക്കൂ എന്നു പറയുന്നതുപോലെ മൂഢ ശാഠ്യമാണ്. ●

**പൂർവികരെ ഇപ്പോൾ തന്നെ ഉയിർപ്പിച്ചു കാണിക്കേണം എന്നു ശഠിക്കുന്നത്, സൂര്യൻ അസ്തമിച്ചപ്പോൾ രാത്രി അവസാനിച്ചാൽ വീണ്ടും ഉദിക്കുമെന്നു പറയുന്നയാളോട്, അസ്തമിച്ച സൂര്യൻ ഇനിയും ഉദിക്കുമെന്നത് സത്യമാണെങ്കിൽ ഇപ്പോൾ തന്നെ എന്റെ മുമ്പിൽ ഉദിപ്പിച്ചുകാണിക്കൂ എന്നു പറയുന്നതുപോലെ മൂഢ ശാഠ്യമാണ്.**


## ആവശ്യമുണ്ട്

**മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് പ്രവർത്തിച്ചു വരുന്ന വൃദ്ധ സദനത്തിലെ അന്തേവാസികളെ പരിചരിക്കുന്നതിനായി പുരുഷ, സ്ത്രീ പരിചാരകരെ ആവശ്യമുണ്ട്.**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

**9048 177 333, 9744 177 333**